# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1597** **5.12.2014-ൽ മറുപടിക്ക്**

**മുനിസിപ്പാലിറ്റികൾക്കും നഗരസഭകൾക്കും റോഡുകൾ നിർമ്മിക്കാൻ ഫണ്ട്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ റോഡുകൾ നിർമ്മിക്കാൻ എത്ര മുനിസിപ്പാലിറ്റികൾക്കും നഗരസഭകൾക്കും ഫണ്ട് അനുവദിച്ചിട്ടുണ്ട്; മുനിസിപ്പാലിറ്റികളുടെ പേരും, തുകയും വ്യക്തമാക്കാമോ ; | (എ) റോഡുകളുടെ ശോചനീയാവസ്ഥയും നഗരസഭകളുടെ മോശമായ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് 2013-14 വർഷം റോഡ് നവീകരണത്തിനായി മലപ്പുറം നഗരസഭയ്ക്ക് 15 കോടിയും, കണ്ണൂർ നഗരസഭയ്ക്ക് 5 കോടിയും നിലമ്പൂർ, കോട്ടയ്ക്കൽ നഗരസഭകൾക്ക് 4.5 കോടി വീതവും തൊടുപുഴ നഗരസഭയ്ക്ക് 1.45 കോടി രൂപയും പാല, കോട്ടയം, ആലപ്പുഴ, പാലക്കാട്, കാസർകോട് നഗരസഭകൾക്ക് 1.43 കോടി രൂപ വീതവും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (ബി) പ്രസ്തുത മുനിസിപ്പാലിറ്റികൾക്ക് റോഡ് നിർമ്മാണത്തിന് ഫണ്ട് നൽകിയതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; | (ബി) 4-ാം ധനകാര്യ കമ്മിഷൻ ശുപാർശ പ്രകാരം 2014-15ൽ ടി നഗരസഭകൾക്ക് അനുവദിക്കുന്ന റോഡ് സംരക്ഷണ ഫണ്ടിൽ നിന്നും തിരിച്ചുപിടിക്കുമെന്ന വ്യവസ്ഥയോടെയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| സി) ഒൻപതു പ്രാവശ്യം 'ശുചിത്വനഗരം' അവാർഡ് നേടുകയും കഴിഞ്ഞവർഷം ഏറ്റവും നല്ല നഗരസഭയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത ആറ്റിങ്ങൽ നഗരസഭയിലെ ഏതാനും റോഡുകളുടെ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനു വേണ്ടി സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ? | സി) ഇല്ല.<br>അപേക്ഷ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**